# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 377 | 27.02.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

### ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി :**

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ നിയമത്തിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റേതായ തനതു പദ്ധതികളെന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഭക്ഷ്യ വസ്തുക്കൾ പാഴാക്കിക്കളയുന്നത് തടയുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിയമങ്ങളോ പദ്ധതികളോ സംസ്ഥാനത്ത് നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് പ്രതിദിനം പാഴാക്കിക്കളയുന്ന ഭക്ഷ്യ വസ്തുക്കളുടെയും ഭക്ഷ്യധാന്യങ്ങളുടെയും അളവ് തിട്ടപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള കണക്കെടുപ്പ് സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, യാത്രി നിവാസുകൾ, മറ്റ് ഹോട്ടലുകൾ എന്നിവ ദിനം പ്രതി പാഴാക്കിക്കളയുന്ന ഭക്ഷ്യവസ്തുക്കളുടെ കണക്കെടുക്കാറുണ്ടോ; ഇവിടങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ പാഴാക്കുന്നത് ഒഴിവാക്കുന്നതിന് കർശനമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് ഒഴിവാക്കുന്നതിന് അതിഥികളെ ബോധവത്ക്കരിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ടോ; എങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്താറുണ്ടോ;

(ഇ) സംസ്ഥാനത്ത് സ്വകാര്യ റസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ഉൾപ്പെടെ ഭക്ഷ്യ വസ്തുക്കൾ പാഴാക്കുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഈ വിഷയത്തിൽ ആവശ്യമായ ബോധവത്ക്കരണം നൽകുന്നതിനുമായി ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ കൂടി അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റേതായ തനതു പദ്ധതികളെന്തെങ്കിലും തയ്യാറാക്കുമോ?

### ഉത്തരം

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ), (ബി) & (സി) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് മുൻഗണനാ വിഭാഗങ്ങൾക്ക് ഭക്ഷ്യ ലഭ്യത ഉറപ്പു വരുത്തുകയാണ് ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലക്ഷ്യമിടുന്നത്. ഇതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി, വിവര ശേഖരണം നടത്തി, മുൻഗണനാക്കാരെ കണ്ടെത്തി റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള ഉദ്യമമാണ് നടന്നു വരുന്നത്. പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ പാഴാക്കി കളയുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അല്ലാതെയുള്ള ഭക്ഷ്യ വസ്തുക്കൾ പാഴാക്കി കളയുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഡി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, റെസ്റ്റ് ഹൗസുകൾ, യാത്രീനിവാസുകൾ എന്നിവിടങ്ങളിലെ ഭക്ഷ്യ വസ്തുക്കളുടെ ഉപഭോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകേണ്ടത് പൊതുമരാമത്ത്, ടൂറിസം എന്നീ വകുപ്പുകളാണ്.

(ഇ) ഭക്ഷ്യ ഭദ്രതാ നിയമത്തിൽ ഇത് സംബന്ധിച്ച് വ്യവസ്ഥയൊന്നും നിലവിലില്ല. എന്നിരുന്നാലും ഇത്തരത്തിൽ ഒരു ബോധവൽക്കരണം സംബന്ധിച്ച് ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ